BSNLEU
BSNL EMPLOYEES UNION
(Regd. under Indian Trade Union Act 1926. Regn. No. 4896)
KERALA CIRCLE
P&T House, Thiruvananthapuram 695001.

# സ്വയം വിരമിക്കൽ പദ്ധതി

## ചോദ്യങ്ങൾ സംശയങ്ങൾ, നിഗമനങ്ങൾ

(1) **ബി.എസ്.എൻ.എൽ പ്രതിസന്ധിക്ക് ഉത്തരവാദി ആര്?**

കാലാകാലങ്ങളിൽ കേന്ദ്രം ഭരിച്ച കോൺഗ്രസ്സ് ബി.ജെ.പി സർക്കാരുകളുടെ പൊതുമേഖലാ വിരുദ്ധ കോർപ്പറേറ്റ് നയങ്ങളുടെ ഫലമായിട്ടാണ് ബി.എസ്.എൻ.എൽ ഉൾപ്പെടെയുള്ള മിനിമുതൽ മഹാരത്നവരെയുള്ള രാജ്യത്തിന്റെ അഭിമാന സ്തംഭങ്ങളായ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധിയിലേക്ക് നീങ്ങിയത്.

(2) **ബി.എസ്.എൻ.എൽ പുനരുദ്ധാരണത്തിന്റെ പേരിൽ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത് എന്താണ്?**

പൂർണ്ണമായും സ്വകാര്യവൽക്കരണം തന്നെയാണ്. ജീവനക്കാരുടെ എണ്ണം കുറച്ച് സ്വകാര്യ മൂലധന നിക്ഷേപകരെ ആകർഷിക്കുക, ടെലികോം രംഗത്തെ ജനപക്ഷ സാന്നിദ്ധ്യമായ ബി.എസ്.എൻ.എൽ.നെ ഒഴിവാക്കി ഇന്ത്യൻടെലികോം രംഗം സ്വകാര്യകുത്തകകൾക്ക് അടിയറവയ്ക്കുക.

(3) **സ്വയം വിരമിക്കൽ പദ്ധതി പൊടുന്നനെ വന്ന ആശയമാണോ?**

കമ്പനി 10,000 കോടിയിലേറെ ലാഭമുണ്ടാക്കിയിരുന്ന 2004-ൽ സ്വയംവിരമിക്കൽ പദ്ധതി നടപ്പിലാക്കുവാനും, ഓഹരി വില്പനയ്ക്കും കോപ്പർ കേബിൾ അൺബണ്ടിലിംഗിനും തീരുമാനിച്ചിരുന്നു. സംയുക്തമായി നടത്തിയ പ്രക്ഷോഭങ്ങൾക്ക് മാനേജ്മെന്റിനെ പിന്തിരിപ്പിക്കാൻ കഴിഞ്ഞു. കമ്പനിയുടെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം നിർദ്ദേശിക്കാൻ നിയോഗിക്കപ്പെട്ട സാംപിട്രോഡ, ബി.ആർ.പി.എസ്.ഇ, ബി.സി.ജി-ഡിലോയിറ്റ്, ബി.എസ്.എൻ.എൽ കോർകമ്മിറ്റി, ഐ.ഐ.എം അഹമ്മദാബാദ് തുടങ്ങിയ കമ്മിറ്റികൾ എല്ലാം തന്നെ നിർദ്ദേശിച്ചത് ജീവനക്കാരുടെ എണ്ണം കുറച്ച് ശമ്പളചിലവ് കുറയ്ക്കണ മെന്നായിരുന്നു. ഇത്തരത്തിൽ നിർദ്ദേശം വന്ന സമയത്ത് എല്ലാം തന്നെ സംഘടന അതി ശക്തമായി പ്രതികരിച്ചിട്ടുണ്ട്.

(4) **കേന്ദ്രമന്ത്രിസഭാ തീരുമാനത്തിനു ശേഷം മന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ വ്യക്തമാക്കിയതെന്ത്?**

ബി.എസ്.എൻ.എൽ ന്റെ പ്രതിസന്ധി പരിഹരിക്കാനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി 4ജി അനുവദിക്കും. തുടർന്ന് മാധ്യമങ്ങൾക്ക് നൽകിയ പ്രസ് റിലീസിലും 4ജിക്ക് ആണ് പ്രാമുഖ്യം നൽകിയത്. എന്നാൽ 4ജി അനുവദിക്കാൻ ഒരു നടപടയും ഇപ്പോഴും സ്വീകരിച്ചിട്ടില്ല.

(5) **4ജിയ്ക്ക് പകരം ഇപ്പോൾ സ്വയം വിരമിക്കൽ പദ്ധതിക്ക് പ്രാമുഖ്യം നൽകുന്നത് എന്തുകൊണ്ട്?**

കമ്പനി പ്രതിസന്ധിയ്ക്ക് കാരണം ജീവനക്കാരുടെ ശമ്പളചെലവ്. വരുമാനത്തിന്റെ 75% ശമ്പളചെലവിനുവേണ്ടി വരുന്നു. പ്രതിസന്ധിയുടെ പൂർണ്ണ ഉത്തരവാദിത്വം ജീവനക്കാരുടെ തടയിൽ കെട്ടിവയ്ക്കുന്നു. അതിന്റെ ഫലമായി ജീവനക്കാരെ പൂർണ്ണമായി ഒഴിവാക്കുന്നു.

(6) **ഈ വാദഗതി ശരിയാണോ?**

അല്ല. സ്വകാര്യ കമ്പനിയുടെ ശമ്പളചെലവ് വെറും 5 ശതമാനം മാത്രം. എന്തുകൊണ്ട് ഈ കമ്പനികൾ നഷ്ടത്തിലായി. എന്തുകൊണ്ട് ഈ കമ്പനികളുടെ കടബാദ്ധ്യത 7 ലക്ഷം കോടിയായി.

(7) **ജീവനക്കാരെ ഒഴിവാക്കിയാൽ പ്രതിസന്ധി പരിഹരിക്കാൻ കഴിയുമോ?**

2016-17 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ വരുമാനം 19,000 കോടി. ചിലവ് 33,000 കോടി. നഷ്ടം, 14,000 കോടി. ജീവനക്കാരുടെ ശമ്പളചെലവ് 13,000 കോടി, 80,000 ജീവനക്കാരെ ഒഴിവാക്കിയാൽ ലാഭിക്കാൻ കഴിയുന്നത് 6500 കോടി. 2018-19 പ്രകാരം നഷ്ടം 7500 കോടി (14000-6500). അപ്പോൾ ഈ വാദഗതി തെറ്റ്. പകരം വരുമാനം വർദ്ധിക്കണം.

(8) **ഐ.ടി.എസ്. ഓഫീസർമാർക്ക് സ്വയംവിരമിക്കൽ പദ്ധതി ബാധകമാണോ?**

അല്ല. നാളിതുവരെ ബി.എസ്.എൻ.എല്ലിന്റെ നയപരമായ കാര്യങ്ങൾ തീരുമാനിച്ചിരുന്ന, 19 വർഷക്കാലം ബി.എസ്.എൻ.എൽ. ഭരിച്ച ഐ.ടി.എസ്. ഓഫീസർമാർക്ക് സ്വയം വിരമിക്കൽ പദ്ധതി ബാധകമല്ല. അവർക്ക് ബി.എസ്.എൻ.എല്ലിൽ തന്നെ തുടരാം. സർക്കാരിന്റെ ഇരട്ടത്താപ്പ് നയമാണ് ഇതിലൂടെ വ്യക്തമാകുന്നത്.

(9) **ഇപ്പോൾ നടപ്പാക്കുന്ന പദ്ധതി "ഗുജറാത്ത്" മോഡൽ പദ്ധതി ആണോ?**

അല്ല. ജീവനക്കാരെ പറ്റിക്കുകയാണ്. ഗുജറാത്ത് മോഡൽ പദ്ധതിപ്രകാരം പൂർത്തീകരിച്ച സേവനത്തിന് 35 ദിവസത്തെ ശമ്പളവും പൂർത്തികരിക്കാനുള്ള

സേവനത്തിന് 25 ദിവസത്തെ ശമ്പളവും ചേർന്നുള്ള തുകയാണ് എക്സ്ഗ്രേഷ്യാ. ഇവിടെ ഇനിയുള്ള സേവനത്തിനു ലഭിക്കുന്ന ശമ്പളത്തിന്റെ 125 ശതമാനം കണക്കാക്കി അതിൽ നിന്നും പെൻഷൻതുക കുറച്ച് കിട്ടുന്നതാണ് എക്സ്ഗ്രേഷ്യ. അതുകൊണ്ട് ഭൂരിഭാഗം ജീവനക്കാരും ഗുജറാത്ത് മോഡലിൽ നിന്നും പുറത്താക്കും.

(10) **ബി.എസ്.എൻ.എൽ നേരിട്ടു നിയമിച്ച ജീവനക്കാരുടെ എക്സ്ഗ്രേഷ്യ എങ്ങനെ കണക്കാക്കും.?**

സേവനം പൂർത്തിയാക്കിയ ഓരോ വർഷത്തിനും 35 ദിവസത്തെ ശമ്പളവും, യഥാർത്ഥ വിരമിക്കൽ തീയതി വരെ ബാക്കിയുള്ള ഓരോ വർഷത്തിനും 25 ദിവസത്തെ ശമ്പളവും എന്ന കണക്കിൽ നൽകുന്നതാണ്. നിലവിലുള്ള ശമ്പളനിരക്കിൽ (വി.ആർ.എസ് തീയതിയിലെ അടിസ്ഥാന ശമ്പളം + ക്ഷാമബത്ത) ജീവനക്കാരന് തന്റെ വി.ആർ.എസ് തീയതി മുതൽ യഥാർത്ഥ വിരമിക്കൽ തീയതിവരെയുള്ള സർവീസ് കാലയളവിൽ ലഭിക്കാവുന്ന തുകയേക്കാൾ എക്സ് ഗ്രേഷ്യ തുക അധികമാവാൻ പാടില്ല.

(11) **ഈ പദ്ധതി ജീവനക്കാർക്ക് ഗുണകരമാണോ?**

അല്ല, ഉദാഹരണത്തിന് ഒരേ അടിസ്ഥാന ശമ്പളമുള്ള 53 വയസ്സുള്ള രണ്ട് ജീവനക്കാരിൽ ഒരാൾ സ്വയം വിരമിക്കൽ പദ്ധതിയുടെ പുറത്ത് പോയാൽ അയാൾക്കു ലഭിക്കുന്ന കമ്മ്യുട്ടേഷൻ "ഡി.സി.ആർ.ജി, പെൻഷൻ, ലീവ് എൻക്യാഷ്മെന്റ് ഉൾപ്പെടെയുള്ള അനുകൂല്യങ്ങൾ, യഥാർത്ഥ വിരമിക്കൽ തീയതിയിൽ പുറത്ത് പോകുന്ന ജീവനക്കാരനു ലഭിക്കുന്ന ആനുകൂല്യത്തേക്കാൾ വളരെ കുറവാണ്. 7 വർഷം ലഭിക്കുന്ന ഇൻക്രിമെന്റ്, ഡി.എ പ്രമോഷൻ കമ്മൂട്ടേഷൻ/ഡി.ജി.ആർ.ജി വർദ്ധന ഒന്നും തന്നെ സ്വയം വിരമിക്കൽ പദ്ധതിയിലൂടെ പുറത്ത് പോകുന്ന ജീവനക്കാരന് ലഭിക്കില്ല.

(12) **ഇതുകൊണ്ട് നേട്ടം ആർക്കാണ്?**

സർക്കാരിന്. കേന്ദ്രസർക്കാരിന് സർക്കാരിന്റെ പെൻഷൻ ബാദ്ധ്യത ഗണ്യമായി കുറയ്ക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(13) **ശമ്പള/പെൻഷൻ പരിഷ്ക്കരണത്തിന് അർഹത ഉണ്ടോ?**

ഒരു ഉറപ്പും ഇല്ല. നിലവിലുള്ള കോടതി ഉത്തരവുകൾ പ്രകാരം എക്സഗ്രേഷ്യ വാങ്ങി പിരിഞ്ഞുപോകുന്ന ജീവനക്കാർ ശമ്പള/പെൻഷൻ പരിഷ്ക്കരണത്തിനു അർഹതയില്ല (sanjay Behari Vs IFCI Ltd)

(14) **കോടതിയുടെ നിരീക്ഷണം എന്താണ്?**

സ്വയം വിരമിക്കൽ പദ്ധതിയിലൂടെ പുറത്തുപോയ ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ ശമ്പള/പെൻഷൻ പരിഷ്കരണം നൽകാൻ കഴിയില്ല. "ഇത് വി.ആർ.എസ് കൊടുക്കൽ വാങ്ങൽ ഉടമ്പടിയാണ്. ബിസിനസ് രംഗത്ത് ഇത് അറിയപ്പെടുന്നത് "ഗോൾഡൻ ഷേക്ക് ഹാൻഡ്" എന്നാണ്. എക്സഗ്രേഷ്യ വാങ്ങുന്നതോടുകൂടി തൊഴിൽ ഉടമയും, തൊഴിലാളികളും തമ്മിലുള്ള ബന്ധം അവസാനിക്കുന്നു.

(15) **58 വയസ്സ് അല്ലെങ്കിൽ 33 വർഷം നടപ്പാക്കുമോ?**

ബി.എസ്.എൻ.എൽ ജീവനക്കാർക്ക് കേന്ദ്രഗവൺമെന്റിന്റെ പെൻഷൻ നിയമമാണ് ബാധകം. ബി.എസ്.എൻ.എൽ രൂപീകരണ സമയത്ത് നൽകിയ ഉറപ്പും അതാണ്. ബി.എസ്.എൻ.എൽ ജീവനക്കാർക്കു മാത്രമായി കുറയ്ക്കാൻ കഴിയില്ല. അത് അനാവശ്യമായ നിയമ പ്രശ്നങ്ങൾക്ക് വഴിവെയ്ക്കും. എന്തായാലും അത്തരത്തിലുള്ള ഒരു തീരുമാനമെടുത്ത് സർക്കാർ ഒരു പ്രഖ്യാപനവും നൽകിയിട്ടില്ല.

(16) **സ്വയം വിരമിക്കലിന് ശേഷം തുടർ ആനുകൂല്യത്തിനു ബി.എസ്.എൻ.എൽ ജീവനക്കാർ അർഹരാണോ?**

ബി.എസ്.എൻ.എൽ മാനേജ്മെന്റ് സ്വയം വിരമിക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് പുറത്ത് ഇറക്കിയ എഫ്.എ.ക്യൂ ( Frequently Ask Questions) വിലെ സീരിയൽ 3 പ്രകാരം സ്വയം വിരമിക്കൽ പദ്ധതിക്ക് പുറത്ത് പോകുന്ന ജീവനക്കാരന് 31-1-2020 നുശേഷം ഒരു ആനുകൂല്യത്തിനും അർഹതയില്ലെന്നു വ്യക്തമാക്കിയിരിക്കുന്നു. അതുകൊണ്ടുതന്നെ 1-1-2017 ലെ ശമ്പള/പെൻഷൻ പരിഷ്ക്കരണം 31-1-2019 ശേഷം ബി.എസ്.എൻ.എൽ-ൽ നടപ്പിലാക്കിയാൽ സ്വയം വിമിക്കൽ ലഭിച്ച ജീവനക്കാരന് ലഭിക്കാൻ സാദ്ധ്യതയില്ല.

(17) **സ്വയം വിരമിക്കലിലൂടെ ഒഴിവു വരുന്ന പോസ്റ്റുകൾ നികത്തുമോ?**

സ്വയം വിരമിക്കലിലൂടെ ഒഴിവു വരുന്ന പോസ്റ്റുകളിൽ നിയമനം നടത്തില്ല. പോസ്റ്റുകൾ അബോളിഷ് ചെയ്യും. ആർക്കും ബി.എസ്.എൻ.എൽ ലേക്ക് ഇനി നിയമനം ലഭിക്കില്ല.

(18) **പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നത് എപ്പോൾ ?**

55 വയസിന് മുകളിലുള്ളവർക്ക് യഥാർത്ഥ വിരമിക്കൽ തീയതിയിലും, 55നു താഴെയുള്ളവർക്ക് 2025 ലും ആനുകൂല്യങ്ങൾ ലഭ്യമാകും. ഇത് നിലവിലുള്ള 1972 പെൻഷൻ നിയമത്തിന് വിരുദ്ധമാണ്. പെൻഷൻ ആകുമ്പോഴോ, സ്വയം

വിരമിക്കലിലൂടെയോ പുറത്തുപോകുമ്പോൾ ഉടൻ പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.

(19) **എക്സ് ഗ്രേഷ്യയ്ക്ക് ആദായനികുതി ബാധകമാണോ?**

അഞ്ചുലക്ഷം വരെയുള്ള തുകയ്ക്ക് ആദായ നികുതികൾ നൽകേണ്ടതില്ല. ബാക്കിയുള്ള തുകയ്ക്ക് 30 ശതമാനം നികുതി നൽകണം. അതോടൊപ്പം തന്നെ ബി.എസ്.എൻ.എൽ.ന് നൽകേണ്ട ബാദ്ധ്യതകൾ, ബി.എസ്.എൻ.എൽ. നൽകിയിട്ടുള്ള എം.ഒ.യു.പ്രകാരമുള്ള ബാദ്ധ്യതകൾ എക്സ്ഗ്രേഷ്യാ തുകയിൽ നിന്നും കുറവുചെയ്യും.

(20) **മരണപ്പെട്ടാൽ കമ്മ്യൂട്ടേഷൻ ലഭിക്കുമോ?**

സ്വയം വിരമിക്കൽ വഴി പുറത്തുപോയ ജീവനക്കാർ യഥാർത്ഥ വിരമിക്കൽ തീയതിയ്ക്ക് മുമ്പ് മരണപ്പെട്ടാൽ കമ്മ്യൂട്ടേഷൻ കുടുംബത്തിനോ, അവകാശിക്കോ നൽകില്ല.

(21) **വി.ആർ.എസ്. ഓപ്ഷൻ നൽകി മരണപ്പെട്ടാൽ എക്സ് ഗ്രേഷ്യ ലഭിക്കുമോ?**

വി.ആർ.എസ്. ഓപ്ഷൻ നൽകി സ്വയം വിരമിക്കൽ തീയതിയ്ക്കു മുമ്പ് മരണപ്പെട്ടാൽ കുടുംബത്തിനോ/അവകാശിക്കോ എക്സ് ഗ്രേഷ്യയ്ക്ക് അർഹത ഉണ്ടായിരിക്കില്ല.

(22) **സ്വയം പദ്ധതിപ്രകാരം വിരമിച്ച ജീവനക്കാർക്ക് പുനർനിയമനത്തിനു അർഹതയുണ്ടോ?**

സ്വയം വിരമിക്കൽ പദ്ധതിപ്രകാരം വിരമിച്ച ജീവനക്കാർക്ക് മറ്റു പൊതുമേഖലാ/ സർക്കാർ സ്ഥാപനങ്ങളിൽ പുനർ നിയമനത്തിനു അർഹതയില്ല. പുനർ നിയമനം ആഗ്രഹിക്കുന്നപക്ഷം പദ്ധതി വഴി ലഭിച്ച മൊത്തം എക്സ്ഗ്രേഷ്യ ബി.എസ്.എൻ.എൽ നു തിരികെ നൽകണം.

(23) **ശമ്പള പരിഷ്ക്കരണം പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?**

24-11-2017-ലെ ഡി.പി.ഇ ഉത്തരവു പാര 2 (111) പ്രകാരം ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിൽ പുനരുദ്ധാര പാക്കേജ് നടപ്പാക്കുകയാണെങ്കിൽ പുനരുദ്ധാരണ പാക്കേജിൽ ശമ്പളപരിഷ്ക്കരണം ഉൾപ്പെടുത്തി നടപ്പാക്കാം. ഈ ഉത്തരവ് ബി.എസ്.എൻ.എൽ പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടില്ല.

(24) **സ്വയം വിരമിക്കൽ പദ്ധതി ബി.എസ്.എൻ.എൽ ന് ഗുണകരമാകുമോ?**

ഇല്ല. പകരം മിടുക്കന്മാരായ സാങ്കേതിക വിദഗ്ധന്മാരെ ബി.എസ്.എൻ.എൽ. നു നഷ്ടപ്പെടും. മത്സര കമ്പോളത്തിൽ ബി.എസ്.എൻ.എല്ലിന് വീണ്ടും തിരിച്ചടി ഉണ്ടാകാനാണ് സാദ്ധ്യത.

(25) **<u>സ്വയം വിരമിക്കൽ പദ്ധതി ജീവനക്കാർക്ക് ഗുണകരമാണോ?</u>**

ഇല്ല. യഥാർത്ഥ വിരമിക്കൽ തീയതിയ്ക്ക് മുമ്പ് സ്ഥാപനം വിട്ടുപോകുമ്പോഴുണ്ടാകുന്ന മാനസിക സമ്മർദ്ദവും പിരിമുറുക്കവും വളരെ വലുതായിരിക്കും. തൊഴിൽ നഷ്ടപ്പെട്ട പ്രയാസവും ഉണ്ടാകും.

(26) **<u>വലിയതോതിലുള്ള സ്വയം വിരമിക്കൽ സമൂഹത്തിൽ ഉണ്ടാക്കുന്ന മാറ്റമെന്ത്?</u>**

സ്വയം വിരമിക്കൽ പദ്ധതിയെ സംബന്ധിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. ജോലി ചെയ്തുകൊണ്ടിരുന്ന ഒരു സമൂഹത്തെ പെട്ടെന്ന് ഒരു ദിവസം ഉള്ള തൊഴിലുമില്ലാതാക്കി മാറ്റിയതിന്റെ ഫലമായി ഉണ്ടായ സമൂഹിക പ്രത്യാഘാതങ്ങൾ വളരെ വലുതാണെന്ന് നിരവധി പഠന റിപ്പോർട്ടുകൾ വ്യക്തമാക്കിയിട്ടുണ്ട്.

**ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ**

**കേരള സംസ്ഥാന കമ്മിറ്റി**